"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - 14-09-2021-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - ളാലം ബ്ലോക്ക് പഞ്ചായത്ത്-പുരുഷസ്വയം സഹായ സംഘങ്ങൾക്ക് സ്വയം തൊഴിൽ ധനസഹായം നൽകുന്ന പദ്ധതിയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.1991/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 13/10/2021

---

പരാമർശം:- 1. കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.08.2021 ലെ കത്ത്

2. 14.09.2021-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.56-ാം നമ്പർ തീരുമാനം

**ഉത്തരവ്**

ളാലം ബ്ലോക്ക് പഞ്ചായത്ത് പുരുഷസ്വയംസഹായ സംഘങ്ങൾക്ക് സ്വയം തൊഴിലിനു ധനസഹായം നൽകുന്നതിനുള്ള പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മാർഗ്ഗരേഖ പ്രകാരം ഇത്തരം പദ്ധതി ഏറ്റെടുക്കാൻ ഗ്രാമ പഞ്ചായത്തുകൾക്ക് മാത്രമാണ് അനുമതി ഉള്ളത് എന്നതിനാൽ പ്രോജക്ട് ഏറ്റെടുത്തു നടപ്പാക്കാൻ പ്രത്യേകാനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം വികേന്ദ്രീകൃതാസൂത്രണ കോഓർഡിനേഷൻ സമിതി മുൻപാകെ അപേക്ഷിക്കുകയുണ്ടായി. തൊഴിൽ സംരംഭത്തിനായതിനാൽ അനുമതി നൽകാൻ പരാമർശം (2) പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം പരിശോധിച്ച മേൽ വിവരിച്ച സാഹചര്യത്തിൽ ളാലം ബ്ലോക്ക് പഞ്ചായത്ത് 2021-22 വാർഷിക പദ്ധതിയിൽ ആവിഷ്കരിച്ച പുരുഷസ്വയംസഹായ സംഘങ്ങൾക്ക് സ്വയം തൊഴിലിനു ധനസഹായം നൽകുന്നതിനുള്ള പ്രോജക്ട് (പ്രോജക്ട് നം. 22/21) നടപ്പാക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

ജില്ലാ പ്ലാനിംഗ് ഓഫീസർ, കോട്ടയം

പ്രസിഡണ്ട്/സെക്രട്ടറി, ളാലം ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ.)വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by Nisam N
Date: 16-10-2021 11:12:04
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്